**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 195        18.12.2012 ലെ മറുപടിക്ക്

## സർവ്വീസ് ബോട്ടുകൾക്ക് സൗരോർജ്ജ വൈദ്യുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, സണ്ണി ജോസഫ് :<br>,, പി. സി. വിഷ്ണുനാഥ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വീസ് ബോട്ടുകളുടെ യാത്രയ്ക്ക് സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർവ്വീസ് ബോട്ടുകളുടെ യാത്രയ്ക്ക് സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. വെള്ളക്കെട്ടായ പ്രദേശങ്ങളിലെ ജനങ്ങളുടെ ഗതാഗത സൗകര്യത്തിനായി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 49 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടി ബോട്ടുകളിൽ ഇന്ധനമായി ഉപയോഗിക്കുന്ന ഡീസലിന്റെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഡീസൽ ഉപഭോഗം കുറയ്ക്കുന്നതിനായി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്തുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഒരു സോളാർ ബോട്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കുസാറ്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശ പ്രകാരം സൗരോർജ്ജ ബോട്ടുകൾ സാങ്കേതികമായും, സാമ്പത്തികമായും ഏറെ പ്രയോജനപ്രദമാണ്. സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ ചെലവ് ഉദ്ദേശം 2 കോടിയോളം വരുന്നുവെങ്കിലും ഈ ചെലവ് ഡീസൽ ബോട്ടുകളിൽ ഉപയോഗിക്കേണ്ടിയിരുന്ന ഡീസലിന്റെ വില കണക്കാക്കുമ്പോൾ ഉദ്ദേശം $6\frac{1}{2}$ വർഷം കൊണ്ട് മുതലാക്കാവുന്നതാണ് എന്നും കുസാറ്റിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. പരമ്പരാഗത നിർമ്മാണ ശൈലിയിൽ നിന്നും തികച്ചും വ്യത്യസ്തമായ രൂപ കല്പനയാണ് ഈ ബോട്ടിനുള്ളത്. ബോട്ടിന്റെ ഹൾ നിർമ്മിക്കാനുപയോഗിക്കുന്നത് അലൂമിനിയം ആണ്. അലൂമിനിയത്തിന് സ്ട്രെങ്ത് ടു വെയ്റ്റ് റേഷ്യോ, കൊറോഷൻ റെസിസ്റ്റൻസ് എന്നിവ കൂടുതലായതിനാൽ അലൂമിനിയം ഹൾ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ നിർദ്ദേശത്തിൽ സോളാർ ബോട്ടുകളുടെ സാങ്കേതിക സാമ്പത്തിക വിശകലനത്തിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത ബോട്ടുകൾ നമ്മുടെ പരിസ്ഥിതിയ്ക്ക് തികച്ചും യോജിച്ചതാണെന്നും, കൂടാതെ അതുവഴി ഭാവിയിലുണ്ടാകുന്ന സാമ്പത്തിക ലാഭം ഏറെ വലുതാണെന്നും വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുകൾ സംസ്ഥാന ജലഗതാഗത വകുപ്പിന് പ്രയോജനപ്പെടുത്തുന്നതിന് സാധിക്കുമോ എന്നത് സംബന്ധിച്ച് പഠിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ അനർട്ട് ഡയറക്ടർ, കുസാറ്റിലെ ഷിപ്പ് ബിൽഡിംഗ് ടെക്നോളജി നേവൽ ആർക്കിടെക്റ്റ്, ചീഫ് എൻജിനീയർ (നേവൽ ആർക്കിടെക്റ്റ്) തുറമുഖ വകുപ്പ് (രജിസ്റ്ററിംഗ് അതോറിറ്റി), സംസ്ഥാന ജലഗതാഗത വകുപ്പിലെ മെക്കാനിക്കൽ എൻജിനീയർ, SILK ഡെപ്യൂട്ടി ജനറൽ മാനേജർ (നേവൽ ആർകിടെക്റ്റ്) എന്നിവർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആയതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; | (ബി) | ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതു മൂലം ഡീസലിന്റെ ഉപയോഗം കുറയുകയും, ആയതു വഴി ഡീസലിനായി ചെലവഴിക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുന്നതു മൂലം വകുപ്പിന്റെ ദൈനംദിന ചെലവ് കുറയുകയും ചെയ്യും. സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ ചെലവ് അല്പം കൂടുതലാണെങ്കിലും ചെലവ് ഡീസൽ ബോട്ടുകളിൽ ഉപയോഗിക്കേണ്ടിയിരുന്ന ഡീസലിന്റെ വിലയിൽ നിന്നും ഏകദേശം 6 1/2 വർഷം കൊണ്ട് മുതലാക്കാവുന്നതാണ്. കൂടാതെ ശബ്ദ അന്തരീക്ഷ ജല മലിനീകരണങ്ങളും, ആഗോള താപനവും കുറയ്ക്കുന്നതിനും സോളാർ ബോട്ടുകൾ പ്രയോജനപ്പെടും. |
| (സി) | ഇതു സംബന്ധിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ പദ്ധതി എന്ന് നടപ്പാക്കാനാകും? | (ഡി) | കമ്മിറ്റിയുടെ പഠന റിപ്പോർട്ടും തുടർന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടും ലഭിച്ച ശേഷമേ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം സാദ്ധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ